പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 312 — 26.02.2018 -ൽ മറുപടിക്ക്.

## നിർധന വിഭാഗങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ

| ചോദ്യം<br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) നിർധന വിഭാഗങ്ങൾക്ക് സൗജന്യമായും കുറഞ്ഞ വിലക്കും വിതരണം ചെയ്യാനുള്ള ഭക്ഷ്യ ധാന്യങ്ങൾ പൊതു വിപണിയിൽ മറിച്ചു വിൽക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) ഇത്തരം പ്രവർത്തനങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ ; | (എ) & (ബി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് തടസ്സമുണ്ടാകാതിരിക്കുന്നതിനായി വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1966 ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരവും 1955 ലെ അവശ്യ സാധന നിയമ പ്രകാരവും നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) നിർധനർക്കും മുൻഗണനാ വിഭാഗങ്ങൾക്കും ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നിലവിൽ നിർധനർക്കും മുൻഗണനാ വിഭാഗങ്ങൾക്കും യാതൊരു തടസ്സവുമില്ലാതെ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**